# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## വാർഷികപരീക്ഷ 2017 - 2018

## മലയാളം

ക്ലാസ് : VII

സമയം: 3 മണിക്കൂർ

മാർക്ക് : 80

### എ - വിഭാഗം

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

അരയാൽത്തറകളിലും ക്ഷേത്രമുറ്റത്തും ഒത്തുകൂടി ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക ഭാരതം പണ്ടേ നടത്തിയിരുന്ന സംവിധാനമാണ്. ഇന്നു നാം നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആദ്യരൂപമാണത്. ആർഷഭാരതം സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട വിധത്തെക്കുറിച്ച് ഉറക്കെ ചിന്തിച്ചിരുന്നു. ഇതിഹാസമായ മഹാഭാരതത്തിലും മനുസ്മൃതിയിലും കൗടില്യന്റെ അർത്ഥശാസ്ത്രത്തിലുമുള്ള സൂചനകൾ പരിശോധിച്ചാൽ ഗ്രാമവാസികൾ തെരഞ്ഞെടുക്കുന്ന പൊതുസമ്മതനായ ഒരാളുടെ നേതൃത്വത്തിൽ നാട്ടുകൂട്ടം സമ്മേളിക്കുകയും ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വീഴ്ചകൾക്കു പരിഹാരം കാണുകയും ചെയ്തിരുന്നുവെന്ന് ഊഹിക്കാം. ഇംഗ്ലീഷുകാരുടെ വരവോടെ സാമൂഹികസംവിധാനം തകർന്നു. സാംസ്ക്കാരിക തലം ഉടഞ്ഞു. ജനങ്ങളുടെ മനസ്സിൽ വെറുപ്പിന്റെ കണിക വീണു. അങ്ങനെ സമർത്ഥവും സുന്ദരവുമായ ഈ സംവിധാനം ഇല്ലാതായി എന്നൂഹിക്കാം.

ചോദ്യങ്ങൾ : (2 x5 =10)

1. ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും പരിഹാരം കാണാനും ഭാരതം പണ്ടേ നടത്തിയിരുന്ന സംവിധാനം ഏതാണ്?
2. ആർഷഭാരതം ഉറക്കെ ചിന്തിച്ചിരുന്നത് എന്തിനെക്കുറിച്ചാണ്?
3. അർത്ഥശാസ്ത്രം രചിച്ചതാരാണ്?
4. ആർഷഭാരതത്തിൽ ആരായിരുന്നു ഗ്രാമത്തിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും വീഴ്ചകൾക്കു പരിഹാരം ചെയ്യുകയും ചെയ്തിരുന്നത്?
5. പ്രശ്നപരിഹാരത്തിന് ഭാരതം പണ്ടേ നടത്തിയിരുന്ന സംവിധാനത്തിന്റെ ഇന്നത്തെ രൂപം ഏത്?

II താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

"കണ്ണാടി വാങ്ങാനായി പോകുന്നേരം
മഴ വരുന്നുണ്ടോ എന്ന് നോക്കാൻ മറന്നു
ചാറ്റൽ മഴയായ് വന്നത് കാറ്റിൽ
വലുതായത് ഞങ്ങളറിഞ്ഞീല
വടക്കുനിന്നും തെക്കുനിന്നും കാറ്റുവീശി
കാർമേഘം വന്നത് പടിഞ്ഞാറ് നിന്നാണെന്നറിഞ്ഞു
മേഘത്തുമ്പിലായ് വിരിഞ്ഞെന്തിഹ
മഴവില്ലാണെന്നറിഞ്ഞതും മയിലെപ്പോലെ ഉള്ളം തുടുത്തതും
മഴ നനഞ്ഞോടി വീടണഞ്ഞതും കണ്ണാടി-
മറന്നു നൊമ്പരം ബാക്കിയായ്. "

ചോദ്യങ്ങൾ : (2 x5 =10)

1. മഴ വരുന്നുണ്ടോ എന്ന് നോക്കാൻ മറന്നത് എപ്പോഴാണ്?
2. എവിടെ നിന്നെല്ലാമാണ് കാറ്റ് വിശിയത്?
3. മേഘത്തുമ്പിലായ് വിരിഞ്ഞതെന്താണ്?
4. മഴ നനഞ്ഞോടി അണഞ്ഞത് എവിടെയാണ്?
5. പടിഞ്ഞാറ് നിന്ന് വന്നത് ആരാണ്?

## ബി - വിഭാഗം

III ഉപന്യാസം തയ്യാറാക്കുക. (7)

1. മാധ്യമങ്ങൾക്ക് സമൂഹത്തിലുള്ള സ്ഥാനം

   അല്ലെങ്കിൽ

2. മതസൗഹാർദ്ദം

IV പാലക്കാട്ടേയ്ക്ക് നടത്തിയ വിനോദയാത്രയെക്കുറിച്ചും രസകരങ്ങളായ അനുഭവങ്ങളെക്കുറിച്ചും കൂട്ടുകാരന് കത്തെഴുതുക: (7)

V കുറിപ്പ് തയ്യാറാക്കുക: (3)

1. പി. ഭാസ്കരൻ

VI ഇവിടെ കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി പത്രവാർത്ത തയ്യാറാക്കുക.(3)

## സി - വിഭാഗം

VII 1) അർത്ഥമെഴുതുക : (½x4=2)

1. തിണ്ണം 2. അഭിമതം 3. നീഹാരം 4. പടുത്വം

2) വിപരീതം എഴുതുക : (1x2=2)

1. പരദേശി 2. ഉത്കൃഷ്ടം

3) അർത്ഥവ്യത്യാസം എഴുതുക: ( 1)

1. ന്യൂനം - നൂനം

4) വിഗ്രഹിക്കുക : (½x2=1)

1. ഗോകുലനായകൻ 2. ഉണ്ണിക്കനി

5) എതിർലിംഗം എഴുതുക : (½x2=1)

1. പതി 2. വിദ്വാൻ

6) പര്യായം എഴുതുക : (½x2=1)

1. മസ്തകം 2. മാൻ

7) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക : (1x2=2)

1. ചിതറിക്കിടക്കുന്നു 2. പ്രതീക്ഷയായി

8) നാനാർഥം എഴുതുക : (1x2=2)

1. ചിത്രം 2. വേല

9) വാക്യത്തിൽ പ്രയോഗിക്കുക : (1)

ഭൂരിഭാഗം

10) അംഗിവാക്യം, അംഗവാക്യം വേർതിരിച്ചെഴുതുക : (1)
പടിഞ്ഞാറ്റയിലെ ആമേണപ്പലക തൊട്ടപ്പോൾ അണ്ണൂക്കന്റെ ഉടലാകെ വിറച്ചു.

11) അന്യാഖ്യാനരൂപത്തിലാക്കുക: (1)

മേനോൻ : എന്താണുള്ളത് - ചട്ണിയോ മുളകുപൊടിയോ?

പാറുക്കുട്ടി: "രണ്ടുമുണ്ട്"

## ഡി - വിഭാഗം

VIII പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക . (4)
"രാഗങ്ങളോരോന്നേ ....................................മന്ദം"

IX ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. (1x5=5)

1. ഗ്രാമവീഥികളിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം ഇതര ജാതിക്കാർക്കും നൽകണമെന്ന് വാദിച്ചതാര്?

(ട്യൂട്ടർമാർ, ആര്യസമാജക്കാർ, റാവുത്തർമാർ)

2. രജനിയുടെ സ്തുതിപാഠകർ ആരാണ്?
(ജംബൂകർ, യക്ഷികൾ, പക്ഷികൾ)

3. എള്ളാട്ടി വിൽക്കാൻ അമ്മായി മന്ദപ്പന് നൽകിയത് എത്ര പണമാണ്?
(5 പണം, 10 പണം, 20 പണം)

4. ഗാനം കേട്ട നേരം എന്ന പദ്യഭാഗത്തിന്റെ രചയിതാവ് ആര്?
(ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ)

5. ഭയാക്രാന്തനായി ശ്വാസോച്ഛ്വാസ രഹിതനായി ചമഞ്ഞിരിക്കുന്നതാരാണ്?
(ജംബൂകൻ, ദേവതകൾ, മാരുതൻ)

X ഉത്തരമെഴുതുക. (2x6=12)

1. സുകമാർ അഴീക്കോടിന് എന്തെന്നില്ലാത്ത ചാരിതാർത്ഥ്യം ഉളവാക്കിയ അനുഭവം ഏത്?
2. ഗൃഹനാഥൻ ഓറഞ്ചു തോട്ടങ്ങളുടെ ഉടമയായ ജമീന്ദാരെക്കുറിച്ച് നൽകുന്ന വിവരണങ്ങൾ എന്തെല്ലാം?
3. "ആലോചിച്ചിട്ട് എനിക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല". ആരുടെ വാക്കുകളാണിത്? സന്ദർഭം വിശദമാക്കുക.
4. മന്ദപ്പന്റെ പ്രത്യേകതൾ എന്തെല്ലാം?
5. രാഘവൻ മാനിനെ അമ്പെയ്യാൻ കാരണമെന്ത്?
6. പാലക്കാടൻ കാറ്റിനെ ലേഖകൻ വിശേഷിപ്പിക്കുന്നതെങ്ങനെ?

XI ഖണ്ഡികയിൽ ഉത്തരമെഴുതുക: (4)

1. കുഞ്ഞൻ മേനോൻ ഭക്ഷണപ്രിയനാണെന്ന് വ്യക്തമാകുന്നതെങ്ങനെ? പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

അല്ലെങ്കിൽ

2. അനന്തപത്മനാഭന്റെ രൂപത്തെക്കുറിച്ച് ലേഖകൻ നൽകുന്ന വർണ്ണനകൾ എന്തെല്ലാം?

*** *** ***